ബുക്ക്ടോക് ●

കെ.സി വര്‍ഗീസ്

# പ്രതിരോധ പ്രവര്‍ത്തകര്‍ക്കൊരു കൈപ്പുസ്തകം

**2010-ലെ** ഏറെ പ്രസക്തമായ ഒരു പുസ്തകമാണ് സമദ് കുന്നക്കാവ് എഡിറ്റ് ചെയ്ത ഐ.പി.എച്ച് വിതരണം ചെയ്യുന്ന 'അപരവത്കരണത്തിന്റെ മതവും ജാതിയും.' അടുത്ത ഒരു ദശകകാലമെങ്കിലും ധൈഷണിക കൂട്ടായ്മകളില്‍ ചര്‍ച്ചക്കും പരിചിന്തനത്തിനും വിധേയമാകുമെന്ന് ഉറപ്പുള്ള വിഷയമാണ് ഇതിലെ ഉള്ളടക്കം. ഒരു കാലഘട്ടത്തിന്റെ പൊള്ളുന്ന അനുഭവങ്ങളുടെ ജീവത്തായ ഒരു പരിഛേദം ഈ പുസ്തകത്തില്‍ സമാഹരിക്കപ്പെട്ടിരിക്കുന്നു. അപരവത്കരണം അഥവാ സ്വത്വബോധം തേടിയുള്ള അലച്ചില്‍ ഒരു പോസ്റ്റ് മാര്‍ക്സിസ്റ്റ് കസര്‍ത്ത് എന്നതിനപ്പുറം ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി നമ്മുടെ ഇടയില്‍ അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഇവിടെ സമാഹരിക്കപ്പെട്ടിരിക്കുന്ന പ്രബന്ധങ്ങളും കാവ്യശകലങ്ങളും ഈ വിഷയത്തെ ഭിന്നമായ ഒരു കാഴ്ചപ്പാടില്‍ നോക്കിക്കാണാന്‍ വായനക്കാരെ പ്രേരിപ്പിക്കുന്നു. ഇന്ത്യന്‍ സാഹചര്യങ്ങളില്‍ ദലിതുകളും മുസ്‌ലിം ന്യൂനപക്ഷവും അവരറിയാതെ തന്നെ വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന അപരവത്കരണത്തിന്റെ അപകടം ചൂണ്ടിക്കാണിക്കുന്ന 20-ഓളം പ്രബന്ധങ്ങളാണ് പുസ്തകത്തില്‍ സമാഹൃതമായിരിക്കുന്നത്. കഥയും കവിതയും ലേഖനവും ഒക്കെ സന്ദര്‍ഭോചിതമായി സമന്വയിപ്പിച്ച ഒരു കൊളാഷ് ആണ് ഇത്. കേവലം ഒറ്റ വായനക്കു ശേഷം മാറ്റിവെക്കാനുള്ളതല്ല ഈ പുസ്തകം. ചര്‍ച്ചക്കും പഠനത്തിനും സാംസ്കാരിക രംഗത്ത് പ്രവര്‍ത്തിക്കുന്നവര്‍ക്കും ഉപകാരപ്പെടുന്ന ഒരു കൈപ്പുസ്തകമാണിത്.




*അപരവത്കരണത്തിന്റെ മതവും ജാതിയും*
എഡി.: സമദ് കുന്നകാവ്
പ്രസാധകര്‍: പ്രതീക്ഷ കോഴിക്കോട്
വിതരണം: ഐ.പി.എച്ച്
പേജ് 134. വില 60

ഈ പുസ്തകത്തിന്റെ താളുകളിലൂടെ കടന്നുപോയപ്പോള്‍ ഓര്‍മയില്‍ വന്നത് ഗുജറാത്തിലെ ദലിത് കവി യശവന്ത് വഗേലയുടെ 'ഐഡന്റിറ്റി' എന്ന കവിതയാണ്. ആ ചെറുകവിതയുടെ ഏകദേശ വിവര്‍ത്തനം ഇങ്ങനെ: "ഞാനാരാണെന്നവര്‍ക്കറിയാം. അറിഞ്ഞുകൊണ്ടുതന്നെ അവര്‍ അജ്ഞത അഭിനയിച്ചു ചോദിക്കുന്നു. നീ ആരാണ്? ഞാന്‍ പറഞ്ഞു: ഈ ശിരസ്സ് ശംബൂകന്റേതാണ്. ഈ കൈകള്‍ ഏകലവ്യന്റേത്. ഈ ഹൃദയം കബീറിന്റേത്. ഞാനാണ് ജബാലിസത്യകാമന്‍. ഈ പാദങ്ങള്‍ക്ക് ഇപ്പോഴും നിങ്ങളുടെ വിശുദ്ധ സ്ഥലങ്ങളില്‍ പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്നു. പക്ഷേ ഇന്നു ഞാനൊരു മനുഷ്യനാണ്. എന്നോട് ചോദിച്ച അതേ ചോദ്യം ഞാന്‍ നിങ്ങളോട് ചോദിക്കുന്നു. നിങ്ങളാരാണ്?" ഈ സമകാലിക ഇംഗ്ലീഷ് കവിത ഉയര്‍ത്തുന്ന ചോദ്യങ്ങളും അവക്കുള്ള

ഉത്തരങ്ങളും *അപരവത്കരണത്തിന്റെ മതവും ജാതിയും* എന്ന പുസ്തകത്തിൽ അടുക്കിലും ചിട്ടയിലും ക്രമീകരിച്ചിരിക്കുന്നു എന്നു പറയാം.

തപസ്സിലൂടെ ഈശ്വര സാക്ഷാത്കാരം നേടാൻ ശ്രമിച്ച ശംബൂകനെയും വിരലറുത്ത് ഗുരുദക്ഷിണ നൽകേണ്ടിവന്ന ഏകലവ്യനെയും ഭക്തിയെ വിമോചനോപാധിയാക്കിയ കബീറിനെയും നമുക്ക് പരിചിതമാണ്. എന്നാൽ ഛാന്ദക്യോപനിഷത്തിലെ സത്യകാമജബാലൻ നമുക്കത്രയൊന്നും പരിചിതനല്ല. ഇവിടത്തെ ദലിതനും മുസ്‌ലിമും കമ്യൂണിസ്റ്റുകാരനും എല്ലാം ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അഭിമുഖീകരിച്ച ചോദ്യങ്ങളാണ് സത്യകാമന്, അയാളുടെ ഗുരുവര്യനിൽനിന്ന് നേരിടേണ്ടിവന്നത്. ആരാണ് നിന്റെ അഛൻ? ഏതാണ് നിന്റെ കുലം? കുലവും വംശവുമൊക്കെ തിരിച്ചറിഞ്ഞേ വിദ്യാദാനം നിർവഹിക്കാനാവൂ. സവർണ നീതിബോധത്തിന്റെ തടവുകാരനായിരുന്ന ഗൗതമ മഹർഷിയുടെ ഈവക ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകാൻ ആ ബാലനു കഴിഞ്ഞില്ല. അവൻ അമ്മയുടെ പേരിൽ അറിയപ്പെടാൻ ആഗ്രഹിച്ചു. ജബാലിയുടെ പുത്രൻ–സത്യകാമ ജബാലി. ബ്രാഹ്മണ ബാലന്മാർക്കു മാത്രം വിദ്യാദാനം നൽകാൻ നിയോഗിക്കപ്പെട്ട ഗൗതമ മഹർഷി വളരെ ക്രൂരമായ ഒരു തന്ത്രം പ്രയോഗിച്ച് ആ ആദിവാസി ബാലനെ അപകടത്തിലേക്ക് പറഞ്ഞുവിട്ടു. അദ്ദേഹം നാനൂറ് മെലിഞ്ഞ പശുക്കളെ പോറ്റാൻ കൊടുത്തു. അവയെ തീറ്റി കൊഴുപ്പിച്ച് അവ ആയിരം എണ്ണമായി പെറ്റു പെരുകുമ്പോൾ കൂട്ടിക്കൊണ്ടുവരിക. അന്നു നിനക്ക് ഞാൻ വിദ്യ ഉപദേശിച്ചുതരാം. സത്യകാമൻ ആ വെല്ലുവിളി ഏറ്റെടുത്തു. ദേവകൾക്കു ബാലനിൽ കനിവുണ്ടായി. നാനൂറ് ചാവേലി പശുക്കളുമായി കാട്ടിൽ അലഞ്ഞു നടന്ന സത്യകാമന് വായുവും സൂര്യനും അഗ്നിയും പ്രാണനും ചേർന്ന ദിവ്യജ്ഞാനം ഉപദേശിച്ചു.

ഇതേ സത്യകാമന്റെ അവസ്ഥയിലാണ് ഇന്ത്യയിലെ പാർശ്വവത്കൃത ജനത. അധീശ വർഗങ്ങളാൽ അപരരാക്കപ്പെട്ടവർ. നവോത്ഥാനാനന്തര ദശയിൽ ദേശീയ പ്രസ്ഥാനമായി ഉയർന്നു വന്ന കോൺഗ്രസ് എല്ലാ അബ്രാഹ്മണിക പാരമ്പര്യങ്ങളെയും പുറത്തുനിർത്തി. കോൺഗ്രസ്സിനു ബദലായി വളർന്നു വന്ന വിവിധ ബ്രാൻഡ് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളാകട്ടെ പാശ്ചാത്യ സംസ്കാരത്തിന്റെ മൂശയിൽ മെനഞ്ഞെടുത്ത വാർപ്പു രൂപങ്ങളായിരുന്നു. അവയാകട്ടെ ഇന്ത്യൻ ജാതിവ്യവസ്ഥയെ അതിന്റെ തനത് രൂപത്തിൽ വായിച്ചെടുത്തില്ല. ഇന്ത്യൻ ദേശീയതയുടെ ദ്രാവിഡ പൈതൃകം പൂർണമായും തിരസ്കരിക്കപ്പെട്ടു. പ്രാചീനകാലത്ത് ഇന്ത്യയുടെ സംസ്കാരം ദ്രാവിഡമായിരുന്നെന്നും ആര്യന്മാരുടെ അക്രമാസക്തമായ കടന്നുവരവിലൂടെ ചിതറിപ്പോയ ദ്രാവിഡരാണ് തെക്കെ ഇന്ത്യൻ പ്രദേശങ്ങളിൽ അധിവാസം ഉറപ്പിച്ചതെന്നുമുള്ള ചരിത്ര സത്യം ഇന്നേറെക്കുറെ വ്യാപക
മ ാ യ ി
അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഉത്തരേന്ത്യൻ സവർണ ദേശീയതക്കു ബദലായി മാറാൻ കഴിയുമായിരുന്ന ദ്രാവിഡ പുനർജീവന വാദത്തെ മുളയിലേ നുള്ളിക്കളയാൻ ബ്രാഹ്മണ ബുദ്ധിജീവികളുടെ ബൗദ്ധിക ഗൂഢാലോചനയുണ്ടായി എന്ന നിഗമനം കെ.കെ കൊച്ചും കെ.കെ ബാബുരാജും സംയുക്തമായി തയാറാക്കിയ പ്രതിഹിംസയുടെ രാഷ്ട്രീയം എന്ന പ്രബന്ധത്തിൽ മുന്നോട്ടുവെക്കുന്നു. അങ്ങനെ തള്ളിക്കളയാവുന്നതല്ല അവരുടെ ഈ കണ്ടെത്തൽ.

സച്ചിദാനന്ദൻ, എ.കെ രാമകൃഷ്ണൻ, ജോൺദയാൽ എന്നിവർ സംയുക്തമായി തയാറാക്കിയതും ദൽഹിയിലെ ഒരു പത്രസമ്മേളനത്തിൽ സച്ചിദാനന്ദൻ വായിച്ചതുമായ 'മലയാള മാധ്യമങ്ങളുടെ മത–ജാതി വിവേചനം' എന്ന പ്രസ്താവന ഈ പുസ്തകത്തിന്റെ തിലകക്കുറിയാണ്. കാരണം മലയാളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ മലയാളിയുടെ പൊതുബോധത്തെ മലിനമാക്കുന്നതിനുള്ള ആസൂത്രിത ഗൂഢാലോചനയിലാണ് വ്യാപരിക്കുന്നത്. പത്രങ്ങളെയും എഴുത്തുകാരെയും ഒക്കെ അവർ മത, ജാതി മുദ്രകൾ ചാർത്തി അപകീർത്തിപ്പെടുത്തുന്നു. നമ്പൂതിരി, നായർ, നസ്രാണി ഈ മൂന്ന് 'ന' ഗണത്തിൽ പെടാത്തവരെല്ലാം മത തീവ്രവാദികളും ജാതിക്കോമരങ്ങളും. ഇവരുടെ ഉപ്പും ചോറും തിന്ന് തടി കൊഴുപ്പിക്കുന്ന മാധ്യമ വിശകലനക്കാർക്ക് ഇവിടത്തെ ചുരുക്കം ചില 'മ' പത്രങ്ങളൊഴിച്ചാൽ ബാക്കിയെല്ലാം മുസ്‌ലിം പത്രങ്ങൾ! സവർണ പാദസേവ ചെയ്യുന്ന മാധ്യമങ്ങൾക്കും എഴുത്തുകാർക്കും മതേതര മുദ്ര പതിച്ചുനൽകുന്നു. ഇതല്ലേ ഇവിടത്തെ മാധ്യമ പ്രവർത്തനം? ഇതിനെതിരെ ശക്തമായ വിമർശനം ഉന്നയിക്കുന്നവയാണ് ഈ പുസ്തകത്തിലെ ഒട്ടുമിക്ക ലേഖനങ്ങളും.

മുസ്‌ലിംകളെ മൊത്തത്തിൽ തീവ്രവാദികളായി ചിത്രീകരിക്കുന്നതിന്റെയും അവർക്കെതിരെ ഭരണകൂട ഭീകരത അഴിച്ചുവിട്ട് ഭീതി സൃഷ്ടിക്കുന്നതിന്റെയും എത്രയെത്ര ഉദാഹരണങ്ങൾ നമ്മുടെ

കൺമുന്നിലുണ്ട്. ഇവയൊന്നും നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾക്ക് വിഷയമല്ല. ലൗ ജിഹാദിന്റെ പേര് പറഞ്ഞ് ദിവസങ്ങളോളം മനുഷ്യനെ ഞെട്ടിക്കുന്ന ഭാവനാ ദുരന്തങ്ങൾ നിരത്തി പരമ്പരകൾ പ്രസിദ്ധീകരിക്കാനും ഇല്ലാത്ത പൂച്ചയെ ഇരുട്ടിൽ തപ്പുന്ന തരത്തിലുള്ള തൽസമയ ചർച്ചകൾ കൊഴുപ്പിക്കാനും ഇവിടത്തെ ദൃശ്യമാധ്യമങ്ങളും അച്ചടി മാധ്യമങ്ങളും മത്സര ഓട്ടം നടത്തുകയായിരുന്നല്ലോ. സക്കറിയ, ഭാസുരേന്ദ്ര ബാബു, കെ.ഇ.എൻ, ഒ. അബ്ദുർറഹ്മാൻ, പ്രകാശ് ബാബു, നുഐമാൻ, സി. ദാവൂദ്, വിനീത് നാരായണൻ നമ്പൂതിരി തുടങ്ങിയവരുടെ ലേഖനങ്ങൾ മാധ്യമങ്ങൾ പുലർത്തുന്ന ഈ കാട്ടുനീതിയെ വിചാരണ ചെയ്യുന്നു.

ഇസ്‌ലാമോഫോബിയ എന്ന നവീന യൂറോപ്യൻ ചരക്കിന്റെ മലയാളീകരിച്ച പേരാണ് ഈ മുസ്‌ലിം തീവ്രവാദം. ഹിന്ദു തീവ്രവാദത്തിന്റെ സവർണ മേൽക്കോയ്മാ വാദവും ആയി താദാത്മ്യം പ്രാപിച്ചവർക്ക് നാണം മറയ്ക്കാൻ ഉയർത്തിപ്പിടിക്കാവുന്ന സ്വന്തം ഉടുവസ്ത്രം! അർഥശൂന്യമായ ഈ സമീപനത്തെ നന്നായി കളിയാക്കുന്ന ഒരു കുറിപ്പുകൊണ്ട് പ്രസിദ്ധ ചരിത്രകാരൻ രാമചന്ദ്ര ഗുഹ ഈ പുസ്തകത്തെ ധന്യമാക്കിയിരിക്കുന്നു. ഫ്രഞ്ച് ഭരണകൂടം സർക്കാർ കോളേജുകളിലും സ്കൂളുകളിലും മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിക്കുന്നത് വിലക്കിയതിന്റെ പശ്ചാത്തലം അദ്ദേഹം വിശദീകരിക്കുന്നു. അന്യ നാടുകളിൽനിന്നും കുടിയേറ്റക്കാരായി എത്തുന്ന മുസ്‌ലിംകൾ ഫ്രഞ്ച് സംസ്കാരത്തിനൊരു ഭീഷണിയാകുമെന്നവർ ഭയപ്പെടുന്നു. ഇത് ഫ്രാൻസിന്റെ മാത്രമല്ല അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയും ഒക്കെ അവസ്ഥയാണ്. അവിടത്തെ ഒട്ടേറെ ക്രിസ്ത്യാനികൾ അവരുടെ ആധ്യാത്മിക ദാഹത്തിനു ശമനം തേടി ഇസ്‌ലാമിലേക്കാകർഷിക്കപ്പെടുന്നുമുണ്ട്. സോവിയറ്റ് യൂനിയനിലെയും കിഴക്കൻ യൂറോപ്പിലെയും കമ്യൂണിസ്റ്റ് പരീക്ഷണങ്ങളെ തോൽപിക്കാൻ പ്രയോഗിച്ച അതേ തന്ത്രങ്ങളാണ് ഇന്ന് പാശ്ചാത്യ മുതലാളിത്തം ഇസ്‌ലാമിനെതിരെ പ്രയോഗിക്കുന്നത്. ഇസ്‌ലാം മുതലാളിത്തത്തിനു ബദലമാകുമോ എന്ന ഭയം അവരെ അലട്ടുന്നു. ഇതിന്റെ പ്രതിഫലനമാണ് അൽപ വസ്ത്രധാരികളായ യൂറോപ്യൻ വനിതകളോടൊപ്പം അഴിഞ്ഞാടാൻ വിസമ്മതിക്കുന്ന അധിക വസ്ത്രധാരികളായ സ്ത്രീകളെ പാശ്ചാത്യ സംസ്കാരം വേട്ടയാടി തുടങ്ങിയതിൽ കാണാൻ കഴിയുന്നത്.

നാസി ജർമനിയിലെ യഹൂദ വേട്ടയുടെ കാലത്ത് ക്രിസ്തുമത പ്രബോധകനും കവിയുമായ മാർട്ടിൻ നിമോള്ളർ നടത്തിയ നിരീക്ഷണം പലവുരു പലരും ഉദ്ധരിച്ചിട്ടുള്ളത് 'പുലരുന്നത് നിങ്ങളുടെ ഊഴം' എന്ന ലേഖനത്തിൽ ഈ പുസ്തകത്തിൽതന്നെ മനില സി. മോഹൻ അത് ഉദ്ധരണി ചിഹ്നം നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. "ആദ്യം അവർ കമ്യൂണിസ്റ്റുകളെ തേടി വന്നു. ഞങ്ങൾ കമ്യൂണിസ്റ്റുകാരല്ലാത്തതിനാൽ ഞങ്ങൾ മിണ്ടാതിരുന്നു. പിന്നീട് ജൂതരെ തേടിയെത്തി. അപ്പോഴും ഞങ്ങൾ മിണ്ടിയില്ല. പിന്നീട് കത്തോലിക്കരെ തേടിവന്നു. ഞങ്ങൾ കത്തോലിക്കരല്ലാത്തതിനാൽ മിണ്ടിയില്ല. ഇപ്പോൾ അവർ പ്രൊട്ടസ്റ്റന്റുകാരെ തേടിവരുന്നു. അപ്പോൾ നമുക്ക് വേണ്ടി ശബ്ദം ഉയർത്താൻ ആരും ബാക്കിയായില്ല." ചരിത്രത്തിലെ അർഥവത്തായ ഈ വിലാപം ഈ പുസ്തകത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു. ഒരു കാര്യം വ്യക്തം: ആ ജബാലി കവി സൂചിപ്പിക്കുന്ന 'അവർ' വേട്ടക്കാരാണ്. അവരുടെ വംശം കുറ്റിയറ്റുപോയിട്ടില്ല. അവർ തേടുന്നത് നമ്മളെയാണ്. കമ്യൂണിസ്റ്റുകളും ജൂതരും ക്രിസ്ത്യാനികളും മുസ്‌ലിംകളും എല്ലാമായ നമ്മളെ. നമ്മൾ കൂട്ടായിരുന്നില്ലെങ്കിൽ ഈ വേട്ടക്കാർ നമ്മളെ ഓരോരുത്തരെ ആയി ചരിത്രത്തിൽനിന്ന് തൂത്തെറിയും. അപ്പോൾ നമുക്കു വേണ്ടി ശബ്ദിക്കാൻ ആരും ഉണ്ടാവുകയില്ല. അവർ മാത്രം അവശേഷിക്കും. അത്തരം ഒരു ഭീകരാവസ്ഥക്കെതിരെ സമൂഹത്തെ ജാഗ്രതപ്പെടുത്തുന്നതാണ് 'അപരവത്കരണത്തിന്റെ മതവും ജാതിയും' എന്ന പുസ്തകം. ■